**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2667** **28-10-2026-ൽ മറുപടിയ്ക്ക്**

**കോട്ടക്കൽ മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

**(എ)** കോട്ടയ്ക്കൽ നഗരസഭ കുടിവെള്ള പദ്ധതികളുടെ ഭാഗമായി ഗാർഹിക കണക്ഷൻ നൽകൽ, പൈപ്പ്ലൈൻ സ്ഥാപിക്കൽ തുടങ്ങിയ അമൃത്-2 പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പ്രവൃത്തിയുടെ നിലവിലെ പുരോഗതി വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തിയോട് അനുബന്ധിച്ച് അമൃത് 2.0 എസ്.ഡബ്ല്യു.എ.പി.-3(SWAP-3)ബഫർ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

**മറുപടി:** കോട്ടക്കൽ നഗരസഭയിൽ നിലവിൽ പുതിയ വിതരണ ശൃംഖല സ്ഥാപിക്കൽ, ഗാർഹിക ടാപ്പ് കണക്ഷനുകൾ നൽകൽ, കാലപ്പഴക്കം ചെന്ന എ.സി. പൈപ്പുകൾ മാറ്റി ഡി.ഐ. പൈപ്പുകൾ സ്ഥാപിക്കൽ എന്ന പ്രവർത്തിക്ക് 15.739 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു. പ്രവർത്തി 35% പൂർത്തീകരിച്ചിട്ടുണ്ട്. ആകെ 17.6 കിലോമീറ്റർ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിയിൽ, മുനിസിപ്പാലിറ്റി റോഡുകളിലൂടെ 10 കിലോമീറ്റർ പൈപ്പ് ലൈൻ സ്ഥാപിക്കൽ പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന 7.6 കിലോമീറ്റർ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിൽ ഭൂരിഭാഗവും PWD / NH റോഡുകളിലൂടെയായതിനാൽ, റോഡ് കട്ടിംഗ് അനുമതി ആവശ്യമാണ്. ഇതുമായി ബന്ധപ്പെട്ട സംയുക്ത പരിശോധന പൂർത്തീകരിച്ചിട്ടുണ്ട്.

റോഡ് കട്ടിംഗ് അനുമതി ലഭിക്കുന്ന മുറയ്ക്ക് ബാക്കിയുള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ പ്രവൃത്തികൾ ഉടൻ ആരംഭിക്കുന്നതാണ്. 3200 ഗാർഹിക കണക്ഷനുകൾ നൽകുന്നതിനുള്ള പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ഇതിൽ 350 ഗാർഹിക കണക്ഷനുകൾ (300 (HTC) + 50 (FHTC)) നിലവിൽ നൽകിയിട്ടുണ്ട്.

കോട്ടക്കൽ നഗരസഭയിൽ അമൃത് 2.0 പദ്ധതിയുടെ SWAP-3 ബഫർ ലിസ്റ്റിൽ 5.00 കോടി, 2.50 കോടി എന്നീ തുകകൾക്കുള്ള രണ്ട് പ്രവൃത്തികൾ ഉൾപ്പെട്ടിട്ടുണ്ട്.

നിലവിൽ അനുമതി ലഭിച്ച പ്രവൃത്തികളിൽ നിന്നുള്ള സേവിങ്സ് തുക വിനിയോഗിച്ച് പുതിയ ചില പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനായി മുൻഗണനാടിസ്ഥാനത്തിൽ SMMU പുതിയൊരു ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. ഈ രണ്ട് പ്രവൃത്തികളും പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഭരണാനുമതി ലഭ്യമാക്കുന്നതിലേക്കായി രണ്ടു പ്രവർത്തികളുടെയും വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് സമയബന്ധിതമായി അമൃത് (SMMU) ലേക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**(ബി)** വളാഞ്ചേരി നഗരസഭയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് അമൃത്-2 പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി സമർപ്പിച്ച പ്രൊപ്പോസലുകളിൻമേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** വളാഞ്ചേരി നഗരസഭയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് സമർപ്പിച്ച ₹1.25 കോടി രൂപയുടെ പ്രൊപ്പോസലിന് ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**